LIBRARY ARCHIVES Kerala Legislative Assembly

പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളുടെ ഫലപ്രദമായ വിനിയോഗം

27 (5831) ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാരമ്പര്യ ഊർജ്ജസ്രോതസ്സുകളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചത് ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനായി നടപ്പാക്കിയത് ; വിശദമാക്കുമോ ;

(സി) ഇതുനേടുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ?

ഉത്തരം

(എ) ചെറുകിട ജലവൈദ്യുത പദ്ധതികളുൾപ്പെടെ 39.41 MW-ന്റെ സ്ഥാപിതശേഷി വർദ്ധനവ് ഈ സർക്കാരിന്റെ കാലത്ത് ഉണ്ടായിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ജലവൈദ്യുത പദ്ധതികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി 1-6-2012-ലും 17-12-2014-ലും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപടിക്രമങ്ങൾ ലഘൂകരിച്ച് സ്വകാര്യ സംരംഭകരിലൂടെ നടപ്പിലാക്കുന്നതിനുള്ള നയം രൂപീകരിച്ചിട്ടുണ്ട്.

വീടുകളിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ സൺഷിഫ്റ്റ് പദ്ധതി

28 (5832) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീടുകളിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി വൈദ്യുതി ബോർഡ് പ്രഖ്യാപിച്ച സൺഷിഫ്റ്റ് പദ്ധതി ഉപഭോക്താവിന് സമ്മാനിക്കുന്നത് വൻ ബാദ്ധ്യതയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.